5. ശ്രീ. നിസാം, S/o. മുഹമ്മദാലി, എള്ളപറമ്പിൽ 4.85 ആർ

6. ശ്രീ. ജോസ്, S/o. ദേവസ്സികുട്ടി, പെമ്പകശ്ശേരി 2.42 ആർ ഹൗസ്

7. ശ്രീമതി ടെസ്സി, W/o. കുഞ്ഞമ്മു, പുഴങ്കരയിലുത്ത് 1.21 ആർ

കണ്ണൂർ ജില്ല :

8. ശ്രീമതി നസീമാ വി.പി., വില്ലേജ് ഓഫീസർ, 1.21 ആർ മൊകേരി, തലശ്ശേരി താലൂക്ക്

9. ശ്രീ. പുഇശ്ശേരി മഹീന്ദ്രൻ, മാനന്തേരി കീർത്തനം 2.42 ആർ വീട്, തലശ്ശേരി താലൂക്ക്

പത്തനംതിട്ട ജില്ല :

10. ശ്രീ. എബ്രഹാം വർഗ്ഗീസ്, കണ്ണംമല വീട്, കല്ലപ്പാറ, 11.98 ആർ മല്ലപ്പള്ളി താലൂക്ക്

വയനാട് ജില്ല :

11. ശ്രീ. സഫീം, ഷെമീന ദമ്പതിമാർ, കതീര കളമ്പിൽ, 43.00 ആർ ഇരുളം വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂകമ്പമാപിനികളുടെ ശൃംഖല

198 (1280) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിന് ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തൊക്കെ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളത്തിലെ സമാന്തരഭരണം നടക്കുന്ന വിവിധ പ്രദേശങ്ങളുടെയും പ്രതിപ്രവർത്തനങ്ങളുടെയും വിവരശേഖരണവും ശ്രേണങ്ങളുടെ പ്രഭവസ്ഥാനവും തീവ്രതയും കൃത്യതയോടുകൂടി അളക്കുകയും ശ്രേണപാളികളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയുകയും കേരളത്തിന്റെ വടിയ അണക്കെട്ടായ ഇടുക്കി അണക്കെട്ടിന്റെ ശ്രേണങ്ങളാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ (എസ്.ഇ.ഒ.സി) നിരന്തരം വിവരം ലഭിക്കത്തക്കവിധമാണ് ഇവ സജ്ജീകരിച്ചിരിക്കുന്നത്. നിലവിൽ ഇടുക്കി അണക്കെട്ട്, ആലടി, വെള്ളാവ്, പോസ്പാറ, മീൻകുട്ട്, വെള്ളകടവ് എന്നി സ്ഥലങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 3.9 കോടി രൂപ ചെലവാക്കിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈദ്യുതബോർഡുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂടാതെ കേന്ദ്ര ഭൗമശാസ്ത്രപഠന സ്ഥാപനം സംസ്ഥാനത്ത് പിച്ചി വനഗവേഷണ സ്ഥാപനത്തിനുള്ളിൽ ഒരു ശ്രേണമാപിനിയും സ്ഥാപിച്ചിട്ടുണ്ട്. അതിൽനിന്ന് ലഭിക്കുന്ന വിവരങ്ങളും അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ശേഖരിച്ചു വരുന്നു.

പുനർനിർമ്മാണം ഉപേക്ഷിച്ച പ്ലക്കപാലങ്ങൾ

199 (1281) ശ്രീ. കെ. കുഞ്ഞിരാമൻ (ഉക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കാസർഗോഡ് ജില്ലയിൽ പ്രകൃതിദുരന്തനിവാരണ പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച മാടക്കാൽ പ്ലക്ക് പാലത്തിന്റെയും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച പടന്നക്കടപ്പുറം പ്ലക്ക് പാലത്തിന്റെയും പുനർ നിർമ്മാണം ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനു ചെലവഴിച്ച തുകയുടെ നഷ്ടം ആര് വഹിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly